# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 3.5, 3.7, 3.11, 3.13 എന്നിവയിലെ തടസ്സവാദങ്ങൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം. 3496/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/12/2014

പരാമർശം:- 1) ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30/01/2013-ലെ 1154/12 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 13/08/2013-ലെ എം3-9345/13, 30/10/2014-ലെ എം3-35461/14 നമ്പർ കത്തുകൾ

3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26/04/2013-ലെ എൽ.എഫ്.4926/പിറ്റ13/13 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഖണ്ഡിക 3.5, 3.11, 3.13, 3.14 എന്നിവ പ്രകാരവും 2008-09 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3.5, 3.7 എന്നിവ പ്രകാരവും വിവിധങ്ങളായ പദ്ധതികളിന്മേൽ പഞ്ചായത്തിന്റെ ചെലവുകൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്തിന്റെ തനത് ആസ്തികൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഫണ്ട് ഉപയോഗിച്ച്, സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് വികസന ഫണ്ട് ഉപയോഗിച്ച്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് പകരം മറ്റ് ചിലർക്ക് ആനുകൂല്യം നൽകി തുടങ്ങിയവ ഉൾപ്പെടെയുള്ള കാരണങ്ങളാലാണ് ഓഡിറ്റ് ചെലവുകൾ തടസ്സപ്പെടുത്തിയിരുന്നത്. എന്നാൽ മേൽ ചെലവുകൾ പഞ്ചായത്തിന് അനിവാര്യമായിരുന്നതിനാലാണ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്നുമുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനം സൂചന ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ടിലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 47,513/- രൂപയുടെ ചെലവിന്മേൽ, മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് ഫണ്ടിന്റെ

ദുർവിനിയോഗമായി കണക്കാക്കണമെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ, സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ബാക്കിയുള്ള ഖണ്ഡികകളിന്മേൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം 3-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.5, 3.11, 3.13, 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.5, 3.7 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജി.ഒ (എം.എസ്) 183/07/തസ്വഭവ തീയതി 24/07/2007-ലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്യാമ്പ് നടത്തി മരുന്ന്, കണ്ണട എന്നിവ വിതരണം ചെയ്തതിന് ഓഡിറ്റ് 2007-08 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ ചെലവ് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി സാധൂകരണം നൽകുന്നത് നിരാകരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ